# Lourde Voice

# ലൂർദ്ദ് വോയ്സ്

SEP-OCT 2026




## LOURDES FORANE CHURCH
## GANDHIPURAM, COIMBATORE

www.lourdesforane.com


35
YEARS OF TRUST
Modern Grinder Supplier for Modern World
Commercial Coconut Scrapper
Coventional Tilting Grinder
Vegetable Cutter
Commercial Wet Grinder
Avalable in 3 to 20 Liters
Table Top Wet Grinder
Commercial Tilting Grinder
Avalable in 5 to 25 Liters
Commercial Atta Kneader
BEETEX® INDUSTRIES
808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ
WWW.LOURDESFORANE.COM

പുസ്തകം – 6 സെപ്തംബർ–ഒക്ടോബർ ലക്കം 12

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30

**EDITOR**
Fr. Shajan Cheeramban
Ph: 7418641802

**SUB EDITOR CUM TRESURER**
Fr. Edwin Komban
Ph: 9188746613

**CONVENOR**
Mr. Joffy Jose
Ph: 9894187184

**SECRETARY**
Mrs. Ajimol Antony

**EDITORIAL BOARD**
Sr. Mercita FCC
Mrs. Deepa Biju
Mrs. Tina Felix
Mrs. Fenila Joju
Mr.FRANCIS VIVEK

**Accountant**
Mr. JHONSON REJI

**LOURDE VOICE PRO**
Mr. C G Antony
Ph: 9789613531

**KAIKKARS**
Mr. P.V Francis
Mr. C.F Poulson
Mr. Hinson P.K

എഡിറ്റോറിയൽ

ഇടയമൊഴി

Message from Kochachan

ഇടവക വാർത്തകൾ

സംഘടനാവാർത്തകൾ

സഭാവാർത്തകൾ

Catechism News

Kids Corner

Faith Sparks



## എഡിറ്റോറിയൽ



FENILA JOJU

# സഹനത്തിൽ വിരിയുന്ന പ്രത്യാശ

അപമാനത്തിന്റെയും ശിക്ഷയുടെയും പ്രതീകമായിരുന്ന കുരിശ്, ലോകത്തിന്റെ മുഴുവൻ രക്ഷയുടെയും പ്രത്യാശയുടെയും അടയാളമായി മാറിയ ദൈവസ്നേഹത്തിന്റെ മഹത്തായ ഓർമ്മപ്പെടുത്തലാണ് സെപ്റ്റംബർ 14-ന് ആഘോഷിക്കുന്ന വിശുദ്ധ കുരിശിന്റെ ഉയർത്തൽ തിരുന്നാൾ (Feast of the Exaltation of the Holy Cross). നാലാം നൂറ്റാണ്ടിൽ വിശുദ്ധ ഹെലേന രാജ്ഞി കണ്ടെടുത്ത കർത്താവിന്റെ ജീവദായകമായ കുരിശ് ജറുസലേമിൽ ദൈവജനത്തിന്റെ വന്ദനത്തിനായി ഉയർത്തിക്കാട്ടിയതിന്റെ സ്മരണ പുതുക്കുന്ന ഈ ദിനം, വെറുമൊരു ചരിത്ര സംഭവത്തിന്റെ വാർഷികമല്ല; മറിച്ച്, ക്രൈസ്തവ വിശ്വാസത്തിന്റെ ആകെത്തുകയെ വീണ്ടും ധ്യാനിക്കാനുള്ള അർത്ഥവത്തായ ആഹ്വാനമാണ്.

സഹനത്തിന് അർത്ഥമേകുന്ന സ്നേഹബലി

ക്രിസ്തുവിന്റെ പരമയാഗത്തോടെ കുരിശിന്റെ അർത്ഥതലങ്ങൾ തികച്ചും മാറിമറഞ്ഞു. ലോകത്തിന്റെ കണ്ണിൽ പരാജയത്തിന്റെയും തകർച്ചയുടെയും പ്രതീകമായിരുന്ന കുരിശ്, മനുഷ്യനോടുള്ള ദൈവത്തിന്റെ അളവറ്റ സ്നേഹത്തിന്റെ പൂർണ്ണതയായി വെളിപ്പെട്ടു. ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന ദുരന്തങ്ങൾക്കും പ്രതിസന്ധികൾക്കും മുന്നിൽ തളർന്നുപോകാതെ, അവയെ അതിജീ

വിക്കാനുള്ള ആത്മീയ കരുത്താണ് വിശുദ്ധ കുരിശ് നമ്മിൽ നിറയ്ക്കുന്നത്. നമ്മുടെ ദൈനംദിന ജീവിതത്തിലെ ക്ലേശങ്ങളെയും സഹനങ്ങളെയും പരാതിയില്ലാതെ ചുമക്കാനും, അവയെ ആത്മീയ വളർച്ചയ്ക്കുള്ള പടവുകളാക്കി മാറ്റാനും ഈ തിരുന്നാൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

'എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.'
മത്തായി 16:24

ക്രിസ്തുവിന്റെ ഈ ആഹ്വാനം കേവലം ഒരു വാക്കല്ല, മറിച്ച് ക്രിസ്തീയ ജീവിതത്തിന്റെ വഴികാട്ടിയാണ്. സ്വന്തം അഹന്തകളെയും സ്വാർത്ഥതകളെയും ഉപേക്ഷിച്ച്, മറ്റുള്ളവർക്കായി സ്വയം ത്യജിക്കുക എന്നതാണ് കുരിശിന്റെ വഴി നമ്മെ പഠിപ്പിക്കുന്നത്. പാപത്തിനും മരണത്തിനും തിന്മയുടെ എല്ലാ ശക്തികൾക്കുമേലുമുള്ള ക്രിസ്തുവിന്റെ അന്തിമ വിജയത്തിന്റെ അടയാളമാണ് വിശുദ്ധ കുരിശ്. ലോകം മുഴുവൻ അശാന്തിയിലൂടെയും പ്രതിസന്ധികളിലൂടെയും കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ, ഭയപ്പെടാനല്ല, മറിച്ച് ക്രിസ്തുവിന്റെ കുരിശിൽ പ്രത്യാശ കണ്ടെത്താനാണ് സഭ നമ്മോട് ആവശ്യപ്പെടുന്നത്.

ദേവാലയങ്ങളിൽ കുരിശു വന്ദനത്തിലൂടെയും, ക്രിസ്തുവിന്റെ രക്തത്തെയും സ്നേഹത്തെയും സൂചിപ്പിക്കുന്ന ചുവന്ന വസ്ത്രങ്ങളണിഞ്ഞുള്ള ശുശ്രൂഷകളിലൂടെയും വിശ്വാസികൾ ഈ മഹത്തായ രഹസ്യത്തിന് മുന്നിൽ ശിരസ്സ് നമിക്കുന്നു. ജീവിതത്തിലെ ഏതു കൊടുങ്കാറ്റിലും ആടിയുലയാതെ, വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും അനുദിന കുരിശുകൾ സന്തോഷത്തോടെ ചുമക്കാനും വിശുദ്ധ കുരിശിന്റെ തിരുനാൾ നമ്മെ ഏവരെയും ഏകോപിപ്പിച്ച് നയിക്കട്ടെ.

# *8th Death Anniversary*



# N.J. JOJU

**Bloomed: 01.12.1969** **Withered: 13.09.2018**

**Missing You!**

.................................................................................................

**Sorrowing Family Members**



# ഇടയമൊഴി

## 'പ്രാർത്ഥന കൊണ്ട് പണിയുന്ന ദേവാലയം"

**ഫാ. ഷാജൻ ചീരമ്പൻ**
**വികാരി**

സ്നേഹമുള്ള സഹോദരങ്ങളെ, ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.
ദൈവാലയം പണിതുയർത്തുമ്പോൾ കല്ലും മണ്ണും മാത്രമല്ല, ദൈവകൃപയുടെ വലിയൊരു ശേഖരണവും അതിന് ആവശ്യമാണ്. ആ കൃപകളെ സംഭരിക്കുന്നതിനായി നാം ആരംഭിക്കുന്ന പ്രത്യേക ആത്മീയ പദ്ധതിയാണ് 'ഗ്രേസ് കാമ്പെയ്ൻ' (Grace Campaign).
ഒരു വർഷത്തിലെ 365 ദിവസങ്ങൾ കണക്കാക്കിയാൽ, മൂന്ന് വർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ദേവാലയ നിർമ്മാണത്തിന് നാം എടുക്കുന്നത് കൃത്യം 1095 ദിവസങ്ങളാണ്. ഈ ദിവസങ്ങളിൽ പ്രാർത്ഥനയിലൂടെ ദൈവാലയനിർമ്മാണത്തെ പിന്തുണയ്ക്കാനും ദൈവകൃപ കളെ സമൃദ്ധമായി ശേഖരിക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.
ഫാമിലി സ്പിരിച്വൽ കമ്മിറ്റ്മെന്റ് ഫോം (Family Spiritual Commitment Form)
ഈ ആത്മീയ സംരംഭം പ്രായോഗികമാക്കുന്നതിനായി ഓരോ കുടുംബത്തിനും രണ്ട് ഫോമുകൾ വീതം നൽകുന്നതാണ്. കുടുംബങ്ങൾ ഈ രണ്ട് ഫോമുകളും ഒരേപോലെ പൂരിപ്പിക്കണം.
ഒരു കോപ്പി: നിങ്ങളുടെ വീട്ടിലെ പ്രാർത്ഥനാമുറിയിൽ (രൂപക്കൂടിന് സമീപം) സൂക്ഷിക്കുക.
രണ്ടാമത്തെ കോപ്പി: സെപ്റ്റംബർ 6-ന് പുതിയ ദേവാലയത്തിന് കല്ലിടുന്ന സുദിനത്തിൽ, വിശുദ്ധ കുർബാനമധ്യേയുള്ള കാഴ്ചസമർപ്പണ സമയത്ത് അഭിവന്ദ്യ പിതാവിന്റെ കരങ്ങളിലേക്ക് സമർപ്പിക്കുക.
ഇത് 'ഞങ്ങളുടെ കുടുംബം ഇക്കാലയളവിൽ ഇത്രമാത്രം പ്രാർത്ഥിച്ചുകൊള്ളാം' എന്ന് ദൈവ തിരുമുമ്പിൽ നടത്തുന്ന ഒരു വിശുദ്ധ വാഗ്ദാന പത്രികയാണ്.
സാധാരണയായി പള്ളി പണിതു കഴിയുമ്പോൾ ശിലാഫലകങ്ങളിൽ മെത്രാന്റെയോ വൈദിക രുടെയോ പേരുകളാണ് രേഖപ്പെടുത്താറുള്ളത്. എന്നാൽ നമ്മുടെ പുതിയ ദൈവാലയം പൂർത്തിയാകുമ്പോൾ, ഇടവകയിലെ എല്ലാ കുടുംബങ്ങളും ചേർന്ന് സമർപ്പിച്ച: ജപമാലകളുടെയും, വിശുദ്ധ കുർബാനകളുടെയും, ഉപവാസങ്ങളുടെയും, ആരാധനകളുടെയും കണക്ക് കല്ലിൽ കൊത്തിവെക്കപ്പെടും. 'പ്രാർത്ഥന കൊണ്ട് പണിതുയർത്തിയ ദേവാലയം' എന്ന വലിയ മാതൃക വരുംതലമുറയ്ക്കായി നമുക്ക് സമർപ്പിക്കാം.
ഈ വലിയ ആത്മീയ യജ്ഞത്തിലേക്ക് എല്ലാ പ്രിയ സഹോദരങ്ങളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

എന്ന് മിശിഹായിൽ സ്നേഹപൂർവ്വം

# The “MAD” Saint



Fr. Norbert Joby Kavalakkat OFM Cap.

Eight hundred years ago, a wealthy young man who loved fine clothes, parties, and the idea of battlefield glory gave it all up. He didn't just donate a portion of his allowance; he walked away from his family fortune to rebuild broken communities, care for outcasts, and live simply. He was called a lunatic by his own people, a Mad fellow by the then authorities.

Yet his life still resonates and breathes in many young people.

His name was Francis of Assisi. Between 2023 and 2026, millions around the globe are marking the Franciscan Centenary, an 800-year celebration of the final, defining years of his life.

He is seen as a ‘Mad Saint’ but we can Acronymize MAD as Saint who “Made A Difference”

The 800-Year Timeline: 4 Big Milestones

Francis’s legacy isn't just about statues in gardens with birds on his shoulders. The four-year celebration tracks the radical moments that changed history:

1. The Rule & The First Nativity Scene (1223 / 2023):

Francis wrote a radical rule for living focused on radical humility, brotherhood, and poverty. That same winter, he created the world's very first live Christmas crib in Greccio to remind people that hope often starts in the simplest, most vulnerable places.

2. The Marks of Sacrifice (1224 / 2024):“While praying on Mount La Verna, Francis received the stigmata—the wounds of Christ. It symbolized his complete solidarity with those who suffer. He was hence known as the Second Christ, a title which is not attributed to any other saint in the history of the Catholic Church.

3. The Original Climate Manifesto (1225 / 2025):

Francis wrote the Canticle of the Creatures (or Canticle of Brother Sun), calling the sun a brother, the moon a sister, and the earth a mother. Long before modern environmental science, he saw nature as family, not a resource to exploit.

4. The Final Journey (1226 / 2026):

Francis passed away on October 3, 1226, facing death not with fear, but as "Sister Death" a natural transition home.

What Does a 13th-Century Saint Have to Do with Us?

Francis tackled issues that look surprisingly identical to the ones on our news feeds today:

a) Eco-Anxiety & Climate Action:

Francis didn't just recycle; he treated the natural world with deep empathy. His message is a call to consume less and protect what cannot protect itself.

b) Standing for the Marginalized:

In an era of strict social hierarchies, Francis ate with lepers and embraced people society threw away. It’s a challenge to stand up to bullying and include those left out.

c) Quiet Rebellion Against Consumerism:

Francis proved that status symbols, likes, and wealth don't define human value. Real peace comes from purpose, empathy, and genuine human connection.

Eight centuries later, the life of St. Francis still reverbs:

Start by doing what is necessary, then what is possible, and suddenly you are doing the impossible.— St. Francis of Assisi






ഒന്നാം ചരമവാർഷികം
01.10.2026



# വി.എ. മത്തായി

**വടക്കൂട്ട് ഹൗസ്**

**ജനനം : 10.10.1946   മരണം : 01.10.2025**

എന്റെ ആഗ്രഹം, മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ്
കാരണം, അതാണു കൂടുതൽ ശ്രേഷ്ഠം. (ഫിലിപ്പി 1: 23)

# മൗനത്തിന്റെ ആഴത്തിൽ വളർന്ന മഹത്വം



Sr. Vimal Jose FCC
Mary Rani FC Convent

മറിയത്തിന്റെ ജീവിതത്തിൽ ശ്രദ്ധേയമായ മറ്റൊരു പ്രത്യേകത അവളുടെ മൗനം ആണ്. ബൈബിളിൽ മറിയം വളരെ കുറച്ച് വാക്കുകൾ മാത്രമാണ് സംസാരിക്കുന്നത്. എന്നാൽ അവളുടെ മൗനം ശൂന്യമായിരുന്നില്ല. അത് ദൈവത്തിന്റെ വചനത്തെ ഹൃദയത്തിൽ സ്വീകരിച്ച മൗനമായിരുന്നു. യേശുവിന്റെ ജനനത്തിനുശേഷം ഇടയന്മാർ പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ മറിയം ഇതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ചിന്തിച്ചുകൊണ്ടിരുന്നു. അവൾ സംഭവങ്ങളെ വെറുതെ കണ്ടുപോകുന്നില്ല. അവയെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുന്നു. അതാണ് മറിയത്തിന്റെ മൗനത്തിന്റെ ശക്തി.

ലോകം ശബ്ദത്തെ മഹത്വത്തിന്റെ അടയാളമായി കാണുന്ന കാലത്താണ് നാം ജീവിക്കുന്നത്. കൂടുതൽ സംസാരിക്കുക കൂടുതൽ കാണപ്പെടുക. കൂടുതൽ ശ്രദ്ധ നേടുക ഇവയെല്ലാം വിജയത്തിന്റെ അളവുകോലുകളായി മാറുന്നു. എന്നാൽ മറിയം മറ്റൊരു വഴിയാണ് കാണിച്ചുതരുന്നത്. ദൈവത്തിന്റെ ശബ്ദം കേൾക്കാൻ ചിലപ്പോൾ നമ്മുടെ സ്വന്തം ശബ്ദം നിശബ്ദമാകണം. അവളുടെ മൗനത്തിൽ വിശ്വാസം ഉണ്ടായിരുന്നു. അവളുടെ നിശബ്ദതയിൽ പ്രാർത്ഥനയുണ്ടായിരുന്നു. അവളുടെ കാത്തിരിപ്പിൽ പ്രത്യാശയുണ്ടായിരുന്നു. മേരി നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠം ഒരു പക്ഷേ ഇതാണ്. ദൈവം നമ്മോട് എന്താണ് ചെയ്യാൻ പോകുന്നതെന്ന് എല്ലായ്പ്പോഴും നമുക്ക് മനസ്സിലാകണമെന്നില്ല. എന്നാൽ ദൈവം നമ്മോടൊപ്പം ഉണ്ടെന്ന് വിശ്വസിച്ച് “അതെ” പറയാൻ നമുക്ക് കഴിയണം. മറിയം പറഞ്ഞ ആ “അതെ”യിൽ നിന്ന് രക്ഷാകരചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു. അതുകൊണ്ടാണ് മറിയം ഇന്നും തലമുറകളുടെ ഹൃദയത്തിൽ വാഴ്ത്തപ്പെട്ടവളായി നിലകൊള്ളുന്നത്. മൗനത്തിൽ വിരിഞ്ഞ മഹത്വമായി, വിശ്വാസത്തിന്റെ അമ്മയായി സ്നേഹത്തിന്റെ മാതാവായി.

## മൗനത്തിൽ വിരിഞ്ഞ മഹത്വം പരിശുദ്ധ അമ്മ

നസറത്തിലെ ഒരു സാധാരണ വീട്ടിൽ ലോകത്തിന്റെ കണ്ണുകളിൽ വലിയ പ്രാധാന്യമൊന്നുമില്ലാത്ത ഒരു യുവതിയാണ് അവൾ. എന്നാൽ ദൈവത്തിന്റെ പദ്ധതിയിൽ ആ ചെറിയ ജീവിതത്തിന് അസാധാരണമായൊരു സ്ഥാനം ഉണ്ടായിരുന്നു. മറിയത്തിന്റെ മഹത്വം അവൾ നേടിയ അധികാരത്തിലോ പ്രശസ്തിയിലോ അല്ല. ദൈവഹിതത്തിനു മുന്നിൽ അവൾ പ്രകടിപ്പിച്ച വിശ്വാസത്തിലും വിനയത്തിലും അനുസരണയിലുമാണ്. ദൈവദൂതനായ ഗബ്രിയേൽ മറിയ

ത്തെ സമീപിച്ചപ്പോൾ അവൾക്ക് ലഭിച്ച സന്ദേശം അവളുടെ ജീവിതത്തെ തന്നെ മാറ്റിമറിക്കുന്നതായിരുന്നു. “നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും” ഒടുവിൽ അവൾ പറഞ്ഞു “ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വചനപ്രകാരം എനിക്കു ഭവിക്കട്ടെ” (ലൂക്ക 1:26-38) ആ ഒരു ‘അതെ’ ചരിത്രത്തിന്റെ ഗതി തന്നെ മാറ്റി.

ദൈവഹിതത്തിനു മുന്നിലെ ഒരു ‘അതെ’

മറിയത്തിന്റെ ജീവിതത്തെ മനസ്സിലാക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട വാക്കുകളിൽ ഒന്നാണ് അവളുടെ ‘അതെ’. ദൈവം തന്റെ പദ്ധതിയെ മറിയത്തിനുമേൽ അടിച്ചേൽപ്പിച്ചില്ല. അവളുടെ സ്വാതന്ത്ര്യത്തിന്റേയും വിശ്വാസത്തിന്റേയും ഉള്ളിലേക്ക് ദൈവവിളി കടന്നുവന്നു. അതിന്റെ മുഴുവൻ ഭാവിയും അവൾക്ക് അറിയില്ലായിരുന്നു. മുന്നിലുള്ള വഴിയിൽ എന്തെല്ലാം സംഭവിക്കുമെന്ന് അവൾക്ക് അറിയില്ലായിരുന്നു. എങ്കിലും അവൾ ദൈവത്തിൽ വിശ്വസിച്ചു. ഇന്നത്തെ മനുഷ്യനും ഇതിൽ വലിയൊരു സന്ദേശമുണ്ട്. ജീവിതത്തിൽ എല്ലാ ഉത്തരങ്ങളും ലഭിച്ചശേഷം മാത്രമെ ദൈവത്തെ വിശ്വസിക്കൂ എന്നല്ല, ക്രിസ്തീയ വിശ്വാസം. ചിലപ്പോൾ വഴി കാണാത്തപ്പോഴും നാളയെക്കുറിച്ച് ഉറപ്പില്ലാത്തപ്പോഴും ദൈവത്തിന്റെ വചനത്തിൽ ആശ്രയിക്കുകയാണ് വിശ്വാസം.


## ലൂർദ്ദ് വോയ്സ് താരിഫ്

1 YEAR (6 ISSUES)

Single Edition

ഫുൾ പേജ് - 2400.00,

ഹാഫ് പേജ് - 1200.00

1 year full page - 9000.00

(ഇടവകാംഗങ്ങൾക്ക് മാത്രം)

മറ്റുള്ളവർക്ക് - 13500.00

1 year half page - 4500.00

(ഇടവകാംഗങ്ങൾക്ക് മാത്രം)

മറ്റുള്ളവർക്ക് - 6250.00




## *6th Death Anniversary*
## *In loving Memory of....*



# Mr. P.D. Antony & Mrs. Lilly Antony

Born : 02.10.1937 Died :17.09 2020 Born : 11.07.1947 Died : 12.09.2020

"He who believe in the son of God has eternal life" (John 3:36)

Puthur House, (St. George Unit)
A tribute of love from family members

## 6th Death Anniversary



# K.M.ANTONY

**(അന്തോണി മാഷ്)**

**Born:02.03.1945**
**Died:06.09.2020**

**Kottapadiyil House**
**St.Paul's Unit**

"I am the resurrection and the life.
Anyone who believes in me will live, even if he dies" (john 11:25)

***Sorrowing Family Members***

# മാതാവിന്റെ ജനനത്തിരുനാളും മരിയൻ ഭക്തിയും



Mrs. Lissy Joseph

സെപ്റ്റംബർ എട്ടിനാണ് കത്തോലിക്കാ സഭ പരിശുദ്ധ കന്യാമറിയത്തിന്റെ ജനനത്തിരുനാൾ ആഘോഷിക്കുന്നത്. വിശുദ്ധ ജോവാക്കിമിന്റെയും വിശുദ്ധ അന്നയുടെയും മകളായാണ് മറിയം ജനിച്ചത്. ഈ തിരുനാളിനായി സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ എട്ടുനോമ്പ് ആചരിച്ചുകൊണ്ട് വിശ്വാസികൾ ഒരുങ്ങുന്നു.

ക്രിസ്തീയ വിശ്വാസത്തിൽ പരിശുദ്ധ കന്യാമറിയം എളിമയുടെയും ദൈവഹിതത്തിന് പൂർണ്ണമായി കീഴടങ്ങിയതിന്റെയും ഉത്തമ മാതൃകയാണ്. സഭയുടെ മാതാവായും മനുഷ്യരുടെ മധ്യസ്ഥയായും അറിയപ്പെടുന്ന മറിയത്തിന്റെ ജീവിതം അനുസരണത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമാണ്. ഡിസംബർ 8-ന് സഭ ആഘോഷിക്കുന്ന 'അമലോത്ഭവ തിരുനാൾ' മറിയം ജന്മപാപമില്ലാതെയാണ് ഗർഭം ധരിക്കപ്പെട്ടത് എന്ന വിശ്വാസത്തെ അനുസ്മരിപ്പിക്കുന്നു.

വിശ്വാസത്തിന്റെയും വിനയത്തിന്റെയും വലിയ മാതൃകയായ പരിശുദ്ധ കന്യാമറിയം, ജീവിതത്തിലെ പ്രതിസന്ധികളിൽ പ്രത്യാശ പകരുന്നവളും ദൈവമുമ്പാകെ നമുക്കായി ശുപാർശ ചെയ്യുന്ന സ്നേഹനിധിയായ അമ്മയുമായി വിശ്വാസികളുടെ മനസ്സിൽ വാഴുന്നു.

ജപമാല മാസം

ജപമാല ആത്മീയ പോരാട്ടങ്ങൾക്കുള്ള ശക്തമായ ഒരു ആയുധമാണ്. ജപമാലയുടെ ശക്തി തിരിച്ചറിയാനും പരിശുദ്ധ അമ്മയുടെ തണലും സംരക്ഷണം നേടാനും ഈ പ്രാർത്ഥന നമ്മെ സഹായിക്കുന്നു.

എ.ഡി മൂന്നാം നൂറ്റാണ്ട് മുതൽ തന്നെ ക്രൈസ്തവ സന്യാസിമാർ ചെറിയ മണികളോ കല്ലുകളോ ഉപയോഗിച്ച് പ്രാർത്ഥനകൾ എണ്ണി ചൊല്ലിയിരുന്നതാ

യി ചരിത്രം രേഖപ്പെടുത്തുന്നു. ജപമാലയുടെ ഉത്ഭവത്തെക്കുറിച്ച് വിവിധ പാരമ്പര്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും, 1214-ൽ വിശുദ്ധ ഡൊമിനിക്കിന് പരിശുദ്ധ മാതാവ് പ്രത്യക്ഷപ്പെട്ട് ജപമാല നൽകിയെന്നാണ് പ്രബലമായ വിശ്വാസം.

പരമ്പരാഗതമായി ജപമാലയിൽ 15 രഹസ്യങ്ങളാണ് ഉണ്ടായിരുന്നത്. പതിനാറാം നൂറ്റാണ്ടിൽ പിയൂസ് അഞ്ചാമൻ മാർപാപ്പയാണ് സന്തോഷത്തിന്റെ, ദുഃഖത്തിന്റെ, മഹിമയുടെ എന്നീ 15 രഹസ്യങ്ങൾ ഔദ്യോഗികമായി ക്രമീകരിച്ചത്. തുടർന്ന് 2002-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'പ്രകാശത്തിന്റെ രഹസ്യങ്ങൾ' കൂടി കൂട്ടിച്ചേർത്തതോടെ ആകെ രഹസ്യങ്ങൾ 20 ആയി.

'റോസാപ്പൂക്കളുടെ കിരീടം' എന്നാണ് റോസറി (ജപമാല) എന്ന വാക്കിന്റെ അർത്ഥം. സ്വർഗ്ഗത്തിൽ മാതാവ് നമ്മുടെ രക്ഷയ്ക്കായി നിരന്തരം മധ്യസ്ഥം വഹിക്കുന്നു. പരിശുദ്ധ അമ്മയുടെ സ്നേഹനിർഭരമായ ഹൃദയത്തിന് അതിരുകളില്ല. തന്റെ സഹനപൂർണ്ണമായ ജീവിതത്തിന്റെ പാരമ്യത്തിൽ, സ്വപുത്രന്റെ കുരിശുമരണത്തിന് സാക്ഷിയായ അമ്മ ലോകത്തിനു മുഴുവൻ പരമയാഗമായിത്തീർന്ന യേശുവിന്റെ ബലിയർപ്പണത്തിൽ പങ്കുചേർന്നു.

നമുക്കും അനുദിനം ഭക്തിയോടെ ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടാം. നമ്മുടെ കുടുംബങ്ങൾക്കും മക്കൾക്കും ലോകശാന്തിക്കുമായി പരിശുദ്ധ അമ്മയോടൊപ്പം ചേർന്ന് പ്രാർത്ഥിക്കാം.



# ഇടവക വാർത്തകൾ

**നന്ദിയോടെ, നിറമിഴികളോടെ...**

നമ്മുടെ പ്രിയപ്പെട്ട ദൈവാലയം പൊളിച്ചുനീക്കുന്നതിന്റെ വിങ്ങുന്ന സങ്കടത്തിനിടയിലും ദൈവകൃപയും നമ്മുടെ ഇടവകയുടെ ഒത്തൊരുമയും ഒന്നിച്ചപ്പോൾ, കണ്ണ് നിറയിക്കുന്ന ഒട്ടേറെ ഓർമ്മകൾ സമ്മാനിച്ച ഒരു ദിവ്യാനുഭവമായി അത് മാറി.

ഓഗസ്റ്റ് ഒന്നാം തീയതി നടന്ന 13 മണിക്കൂർ അവിസ്മരണീയമായ ദിവ്യകാരുണ്യ ആരാധനയും, അന്ന് വൈകുന്നേരം നമ്മുടെ ഇടവകയിൽ നിന്നുതന്നെ ദൈവവിളി സ്വീകരിച്ച ബഹുമാനപ്പെട്ട വൈദികർ നേതൃത്വം നൽകിയ ഭക്തിനിർഭരമായ റാസാ കുർബാനയും നമ്മുടെ മനസ്സിൽ എന്നും തിളങ്ങിനിൽക്കും. ഓഗസ്റ്റ് രണ്ടാം തീയതി നമ്മുടെ പഴയ പള്ളിയിലെ അവസാനത്തെ ദിവ്യബലിയും വികാരനിർഭരമായ അൾത്താര ചുംബനവും നടന്നപ്പോൾ, അത്രമേൽ ആത്മബന്ധത്തോടെയാണ് നമ്മൾ അതിൽ പങ്കുചേർന്നത്.

ഈ ഭക്തിസാന്ദ്രമായ നിമിഷങ്ങളിൽ അൾത്താര പൂക്കൾ കൊണ്ട് മനോഹരമായി അലങ്കരിച്ച ഡെക്കറേഷൻ കമ്മിറ്റിക്കും, പൂക്കൾ സമർപ്പിച്ചവർക്കും, മനോഹര ഗാനങ്ങൾ ആലപിച്ച് അന്തരീക്ഷം പ്രാർത്ഥനാഭരിതമാക്കിയ ഗായകസംഘത്തിനും, അൾത്താരയിൽ ശുശ്രൂഷ ചെയ്ത അൾത്താരബാലന്മാർക്കും, വിശ്വസ്തതയോടെ ഓടിനടന്ന് കാര്യങ്ങൾ നിർവ്വഹിച്ച കപ്യാരുമാർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

ഈ നാളുകളിൽ നമ്മുടെ ഇടവകയുടെ ഉറച്ച നട്ടെല്ലായി മാറിയ ശ്രമദാന കമ്മിറ്റിയുടെ ത്യാഗോജ്ജ്വലമായ സേവനത്തെ അത്യന്തം കൃതജ്ഞതയോടെ സ്മരിക്കുന്നു. പള്ളി പൊളിച്ചുനീക്കുന്ന വേളയിൽ ദൈവാലയത്തിലെ വിശുദ്ധ വസ്തുക്കളും സകല സാധനസാമഗ്രികളും അത്യന്തം ആദരവോടെയും സുരക്ഷിതമായും മാറ്റുന്നതുമുതൽ, അവസാന നിമിഷം വരെയുള്ള എല്ലാ ക്രമീകരണങ്ങളും നെഞ്ചേറ്റെടുത്ത് നടപ്പിലാക്കിയത് ഈ വലിയ കൂട്ടായ്മയാണ്. സ്വന്തം വിയർപ്പൊഴുക്കി, കൈമെയ് മറന്ന് അഹോരാത്രം പ്രാർത്ഥനാമനസ്സോടെ അധ്വാനിച്ച ശക്തിയുറ്റ ഈ ശ്രമദാന കമ്മിറ്റി

യുടെ കരുത്തുറ്റ നേതൃത്വമാണ് കാര്യങ്ങൾ ഇത്രയും സുഗമമാക്കിയത്. ആത്മാർത്ഥത നിറഞ്ഞ നിങ്ങളുടെ ഈ സമർപ്പണത്തിനും പിന്തുണയ്ക്കും ഹൃദയത്തിൽ തൊട്ട നന്ദിയും ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിക്കുന്നു.

ഈ എല്ലാ കാര്യങ്ങൾക്കും കൃത്യമായ മാർഗ്ഗനിർദ്ദേശവും നേതൃത്വവും നൽകി മുന്നിൽ നിന്ന ബഹുമാനപ്പെട്ട വികാരിയച്ചനും കൊച്ചച്ചനും, കാര്യക്ഷമമായി കാര്യങ്ങൾ ഏകോപിപ്പിച്ച കൈക്കാരന്മാർക്കും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച കൺസ്ട്രക്ഷൻ കമ്മിറ്റിക്കും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും ഞങ്ങളുടെ കടപ്പാട് രേഖപ്പെടുത്തുന്നു.

കൂടാതെ, സ്നേഹത്തോടെ ഒപ്പം നിന്ന മാതൃവേദി, പിതൃവേദി, SMYM ഭാരവാഹികൾക്കും, 13 മണിക്കൂർ ആരാധനയിൽ ഭക്തിപൂർവ്വം കാവലിരുന്ന ഓരോ യൂണിറ്റ് അംഗങ്ങൾക്കും നന്ദിയുടെ നറുമലരുകൾ. പുതിയ ചാപ്പലിനായി ഒത്തൊരുമയോടെ കൈകോർത്ത എല്ലാവരുടെയും പ്രയത്നം സ്മരിക്കുന്നു.

ഇടവകയുടെ ഈ വലിയ കൂട്ടായ്മ തന്നെയാണ് നമ്മുടെ ഏറ്റവും വലിയ കരുത്ത്. ഇത്രയും സ്നേഹത്തോടും സഹകരണത്തോടും കൂടെ ഒപ്പം നിന്ന എല്ലാവർക്കും ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും കണ്ണുനിറഞ്ഞ നന്ദി അർപ്പിക്കുന്നു. ഈ വിശുദ്ധ ഓർമ്മകളുടെ വെളിച്ചത്തിൽ, ദൈവകൃപയിൽ ആശ്രയിച്ച് പുതിയ പ്രതീക്ഷകളോടെ നമുക്ക് ഒന്നിച്ചു മുൻപോട്ട് പോകാം.

**എട്ടുനോമ്പ് തിരുനാൾ**

സെപ്റ്റംബർ 1 മുതൽ 8 വരെ പരിശുദ്ധ ദൈവമാതാവിന്റെ എട്ടുനോമ്പ് തിരുനാൾ ഭക്തിപൂർവ്വം ആചരിക്കുന്നു. സെപ്റ്റംബർ 1-ന് രാവിലെ 5:45-ന് ജപമാല, 6:10-ന് കൊടിയേറ്റം, 6:15-ന് വിശുദ്ധ കുർബാന, തുടർന്ന് വേളാങ്കണ്ണി മാതാവിന്റെ കപ്പേളയിൽ നോവേന എന്നിവ ഉണ്ടായിരിക്കും. സെപ്റ്റംബർ 1 മുതൽ 7 വരെയുള്ള ദിവസങ്ങളിൽ രാവിലെ 5:45-ന് ജപമാല, 6:15-ന് വിശുദ്ധ കുർബാന, തുടർന്ന് നോവേന എന്നിവ നടക്കും. തിരുനാൾ ദിനമായ സെപ്റ്റംബർ 8-ന് വൈകുന്നേരം 6:00-ന് ആഘോഷമായ വിശുദ്ധ കുർബാനയും, തുടർന്ന് വർണ്ണാഭമായ ജപമാല പ്രദക്ഷിണവും നോവേനയും ഉണ്ടായിരിക്കുന്നതാണ്.

**അധ്യാപക ദിനം**

സെപ്റ്റംബർ 13-ന് ഇടവകയിലെ എല്ലാ അധ്യാപകരെയും (സൺഡേ സ്കൂൾ, സ്കൂൾ, കോളേജ് അധ്യാപകർ) ആദരിക്കുന്നു. വൈകുന്നേരത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവകതലത്തിൽ അധ്യാപകരുടെ പ്രത്യേക സംഗമം ഉണ്ടായിരിക്കും. എല്ലാ അധ്യാപകരെയും ഈ സംഗമത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**വൈദികരുടെ വാർഷിക ധ്യാനം**

സെപ്റ്റംബർ 14 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ വൈദികരുടെ വാർഷിക ധ്യാനം നടക്കുന്നതിനാൽ ഇടവകയിൽ രാവിലെ മാത്രമായിരിക്കും വിശുദ്ധ കുർബാന ഉണ്ടായിരിക്കുക. വൈകുന്നേരങ്ങളിൽ കുർബാന ഉണ്ടായിരിക്കുന്നതല്ല. നമ്മുടെ വൈദികർ എല്ലാവരും ആത്മീയ നന്മകൾ കൊണ്ട് നിറയുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

**ലോഗോസ് ക്വിസ്**

സെപ്റ്റംബർ 27-ന് ഉച്ചയ്ക്ക് 2:00 മുതൽ 3:00 വരെ ലോഗോസ് ക്വിസ് നടത്തപ്പെടുന്നു. പേര് നൽകിയിട്ടുള്ള എല്ലാവരും നന്നായി പഠിച്ച് ഒരുങ്ങി വരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വിശുദ്ധ മിഖായേൽ മാലാഖയുടെ തിരുനാൾ**

വിശുദ്ധ മിഖായേൽ മാലാഖയുടെ തിരുനാൾ  സെപ്റ്റംബർ 29 -ാ തീയതി രാവിലെ വിശുദ്ധ കുർബാനയും, തുടർന്ന് കപ്പേളയിൽ പ്രത്യേക നോവേനയും ഉണ്ടായിരിക്കുന്നതാണ്.

**ജപമാല മാസം**

ഒക്ടോബർ മാസം ജപമാല മാസമായി ആചരിക്കുകയാണ്. കൂടുതൽ ജപമാല ചൊല്ലി പരിശുദ്ധ അമ്മയോടൊപ്പം നമുക്കും വളരാം. നമ്മുടെ ഇടവകയിൽ ഒക്ടോബർ 1 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ കുടുംബയൂണിറ്റ്, സംഘടന എന്നിവയുടെ അടിസ്ഥാനത്തിൽ ആഘോഷമായ ജപമാല ഉണ്ടായിരിക്കും. അതാത് ദിവസങ്ങളിൽ ബന്ധപ്പെട്ട യൂണിറ്റ്, സംഘടനാ അംഗങ്ങൾ ജപമാല സമർപ്പണത്തിന് നേതൃത്വം നൽകേണ്ടതാണ്. (വൈകിട്ട് 5 . 45  ന് കരുണയുടെ ജപമാല,വിശുദ്ധ കുർബാന,ജപമാല സമർപ്പണം)നമ്മുടെ ഇടവകയുടെ വളർച്ചയ്ക്കായി നമുക്കെല്ലാവർക്കും മധ്യസ്ഥം വച്ച് പ്രാർത്ഥിക്കാം.

# 4th Death Anniversary

## Mr. Raju T.J.

**Born : 11.06.1965 Died : 26.10.2022**

**Thattil House**
**St.Vincent De Paul Unit**

*"we believe that jesus died*
*and rose again,*
*even so, through jesus,*
*God will bring with*
*him those who have died"*
*1 Thessalonians 4:14*





# 19th Death Anniversary 11.10.2026

## P.J. CHAIDHANYA

**Born:10.11.1986 Died:11.10.2007**

**(Chaidhu Mol)**
**Padignare Mangalashaery**

*"O' Lord receive our prayer for the soul of our beloved Chaidhu mol.*
*Grant her eternel rest by the merciful forgiveness through*
*our lord Jesus Christ, may her soul rest in peace forever."*

*Amen.*

**യൂണിറ്റ് / സംഘടനാ ജപമാല ക്രമം**

ഒക്ടോബർ 1: സെന്റ് പീറ്റർ & പിതൃവേദി

ഒക്ടോബർ 2: സെന്റ് ആന്റണി & സെന്റ് ജോസഫ്

ഒക്ടോബർ 3: സെന്റ് തോമസ് & ക്വയർ

ഒക്ടോബർ 4: സെന്റ് പോൾസ് & മതബോധനം

ഒക്ടോബർ 5: സെന്റ് ജോർജ് & SMYM

ഒക്ടോബർ 6: സെന്റ് വിൻസെന്റ് ഡി പോൾ & മാതൃവേദി

ഒക്ടോബർ 7: സെന്റ് മേരീസ് & സെന്റ് ജോൺ മരിയ വിയാന്നി

ഒക്ടോബർ 8: സെന്റ് സെബാസ്റ്റ്യൻ & സെന്റ് ഫ്രാൻസിസ് സേവ്യർ

ഒക്ടോബർ 9: സെന്റ് അൽഫോൻസാ

ഒക്ടോബർ 10: അഖണ്ഡ ജപമാല

**അഖണ്ഡ ജപമാല ക്രമം (ഒക്ടോബർ 10)**

രാവിലെ 8:00 – 8:45: സെന്റ് സെബാസ്റ്റ്യൻ

രാവിലെ 8:45 – 9:30: സെന്റ് ആന്റണി

രാവിലെ 9:30 – 10:15: സെന്റ് ഫ്രാൻസിസ് സേവ്യർ

രാവിലെ 10:15 – 11:00: സെന്റ് ജോസഫ്

രാവിലെ 11:00 – 11:45: സെന്റ് അൽഫോൻസാ

രാവിലെ 11:45 – ഉച്ചയ്ക്ക് 12:30: സെന്റ് പോൾ

ഉച്ചയ്ക്ക് 12:30 – വൈകുന്നേരം 1:15: സെന്റ് മേരിസ്

വൈകുന്നേരം 1:15 – 2:00: സെന്റ് തോമസ്

വൈകുന്നേരം 2:00 – 2:45: സെന്റ് ജോർജ്ജ്

വൈകുന്നേരം 2:45 – 3:30: സെന്റ് വിൻസെന്റ് ഡി പോൾ

വൈകുന്നേരം 3:30 – 4:15: സെന്റ് ജോൺ മരിയ വിയാന്നി

വൈകുന്നേരം 4:15 – 5:00: സെന്റ് പീറ്റർ

**മിഷൻ സൺഡേ**

ഒക്ടോബർ 18-ന് ഇടവകയിൽ മിഷൻ സൺഡേ ആചരിക്കുന്നു. അന്ന് രണ്ട് വിശുദ്ധ കുർബാനകൾ മാത്രമായിരിക്കും ഉണ്ടായിരിക്കുക. ആദ്യ കുർബാന രാവിലെ 7:30-നും രണ്ടാം കുർബാന വൈകുന്നേരം 5:30-നും നടക്കും. രാവിലെ 7:30-ലെ ദിവ്യബലിക്ക് ശേഷം ലേലം വിളി ആരംഭിക്കുന്നതാണ്. എല്ലാവരും സാധനങ്ങൾ കൊണ്ടുവന്നും ലേലത്തിൽ പങ്കെടുത്തും സഹകരിച്ച് ഇത് വിജയകരമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം എല്ലാ മിഷനറിമാർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**റോസാമിസ്റ്റിക്ക ദിനം**

റോസാമിസ്റ്റിക്ക മാതാവിന്റെ ഭക്തിസാന്ദ്രമായ വണക്കവും വിശുദ്ധ കുർബാനയും പതിവുപോലെ സെപ്റ്റംബർ 13, ഒക്ടോബർ 13 തീയതികളിൽ വൈകുന്നേരങ്ങളിൽ നടക്കും. വിശുദ്ധ കുർബാനയും ജപമാലയും തുടർന്ന് സാധാരണയുള്ള പ്രദക്ഷിണവും ഉണ്ടായിരിക്കുന്നതാണ്.

**ആരാധന ദിനങ്ങൾ**

സെപ്റ്റംബർ 11, ഒക്ടോബർ 9 (രണ്ടാം വെള്ളിയാഴ്ചകളിൽ) പ്രത്യേക ആരാധന ഉണ്ടായിരിക്കും. എല്ലാ ഇടവകാംഗങ്ങളും ഇതിൽ സംബന്ധിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഏയ്ഞ്ചൽ വിങ്സ്**

കുട്ടികൾക്കും മുതിർന്നവർക്കുമുള്ള ആദ്യമാസത്തെ കീബോർഡ്, ഗിറ്റാർ ക്ലാസ്സുകൾ കൊച്ചച്ചന്റെ നേതൃത്വത്തിൽ ജൂൺ മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ജൂൺ 27-ാം തീയതി രൂപതയിൽ നടത്തപ്പെട്ട പ്രേം മീറ്റിൽ നമ്മുടെ ഇടവകയിൽ നിന്നും ഒൻപത് ക്വയർ അംഗങ്ങൾ പങ്കെടുത്തു. ബഹുമാനപ്പെട്ട ജോസഫ് ആലപ്പാടൻ അച്ചൻ പ്രസ്തുത മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും രൂപതാ അധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് പിതാവ് ക്വയർ ലോഗോയും ക്വയർ ആന്തവും പ്രകാശനം ചെയ്യുകയും ചെയ്തു.

**ദേവാലയ ശുചീകരണം**

ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ ദേവാലയവും പരിസരവും വൃത്തിയാക്കിയ സെന്റ് തോമസ് യൂണിറ്റ് അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ദേവാലയം വൃത്തിയാക്കേണ്ടത് സെന്റ് വിൻസെന്റ് ഡി പോൾ, സെന്റ് പീറ്റർ യൂണിറ്റ് അംഗങ്ങളാണ്.


Attire
The Uniform People
Corporate Wear
Elegant and professional attire for offices, including suits, blazers, and formal shirts and trousers.
Medical Uniforms
Comfortable scrubs and lab coats for doctors, nurses, and healthcare professionals.
Industrial Uniforms
Durable and safe uniforms for factories, construction, and manufacturing industries.
School Uniforms
Neatly designed uniforms for students, including shirts, skirts, pants, and ties.
Security Uniforms
Smart and reliable uniforms for security guards and personnel.
Call Us Now!
Shaju V Matthew
98941 70477
attireuniforms2022@gmail.com
#2, KRG Nagar - 4th Street
Canapathy, Coimbatore - 641 006

# സംഘടനാ വാർത്തകൾ

## മാതൃവേദി

ജൂലായ് 12-ാം തീയതി ആഘോഷിച്ച റോസ മിസ്റ്റിക്ക മാതാവിന്റെ തിരുനാൾ ദിനത്തിൽ, മാതൃവേദിയുടെ നേതൃത്വത്തിൽ 'തമുക്ക്' നേർച്ച നൽകി.

നേർച്ചയിലേക്ക് ആവശ്യമായ അരി വറുത്ത് പൊടിച്ച് നൽകിയതും, അതിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് പണം നൽകിയതും അമ്മമാരാണ്. കൂടാതെ അൾത്താരയിലേക്ക് പൂക്കൾ സ്പോൺസർ ചെയ്തും, നേർച്ച ഉണ്ടാക്കുന്നതിനും അമ്മമാർ സഹകരിച്ചു.

എല്ലാവരുടെയും സഹായ സഹകരണങ്ങൾക്ക് നന്ദി.

**രൂപത സെമിനാർ**

'ഡിജിറ്റൽ യുഗത്തിൽ മക്കളുടെ പരിപാലനത്തിൽ അമ്മമാരുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് രൂപതാതലത്തിൽ ജൂലായ് 25-ാം തീയതി നടന്ന സെമിനാറിൽ നമ്മുടെ ഇടവകയിൽ നിന്ന് 13 അമ്മമാർ പങ്കെടുത്തു.

പുത്തൻപാന മത്സരത്തിൽ ഫൊറോന തലത്തിൽ 2-ാം സ്ഥാനം കരസ്ഥമാക്കി. മാതൃവേദി ആന്തം മത്സരത്തിൽ ഫൊറോന തലത്തിൽ 3-ാം സ്ഥാനം കരസ്ഥമാക്കി.

**13 മണിക്കൂർ ആരാധന – പുഷ്പാലങ്കാരം**

ഓഗസ്റ്റ് 1-ാം തീയതി നമ്മുടെ ദേവാലയത്തിൽ 13 മണിക്കൂർ ആരാധന നടന്നു. ആരാധനയ്ക്കായി അൾത്താര പൂക്കൾ കൊണ്ട് മനോഹരമായി അലങ്കരിച്ചു.

അലങ്കാരത്തിനാവശ്യമായ പൂക്കൾ വാങ്ങുന്നതിന് 5 റോസാപ്പൂവിന് 50 രൂപ എന്ന നിരക്കിൽ 411 പേർ തുക നൽകി സഹകരിച്ചു. കൂടാതെ കുറെ അമ്മമാർ തങ്ങളുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കാൻ അപേക്ഷിക്കുകയും ചെയ്തു.

**സഹകരിച്ച എല്ലാവർക്കും നന്ദി**

പള്ളിയുടെ അവസാനത്തെ ശ്രമദാനങ്ങൾക്ക് പങ്കെടുത്ത എല്ലാ അമ്മമാർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.







PARENTING
IN THE
DIGITAL WORLD
SANTHOM PASTORAL CENTRE
DIOCESE OF
RAMANATHAPURAM



**കരിസ്മാറ്റിക് ന്യൂസ്**

എല്ലാ രണ്ടാം വെള്ളിയാഴ്ചയും വൈകിട്ട് 6 മണിക്ക് വി. കുർബാനയും തുടർന്ന് രാത്രി 9 മണി വരെ ആരാധനയും നടന്നു വരുന്നു. ഓഗസ്റ്റ് മാസം മുതൽ ആരാധനയ്ക്കിടയിൽ ജറീക്കോ പ്രാർത്ഥനയും നടത്തി വരുന്നു.

ജൂലൈ 25-ാം തീയതി മുതൽ രാവിലത്തെ വി. കുർബാനയ്ക്ക് ശേഷം രാവിലെ 8 മണി വരെ നമ്മുടെ ദേവാലയ നിർമ്മാണത്തെ സമർപ്പിച്ച് ആരാധന നടന്നു വരുന്നു.

എല്ലാവരും ഈ ആരാധനയജ്ഞത്തിൽ പങ്കെടുത്ത് ദേവാലയ പുനർനിർമ്മാണത്തിന് വേണ്ടി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ആബാ സ്കോളർഷിപ്പ്**

നമ്മുടെ ഇടവകയിലെ 13 കുട്ടികൾക്ക് ആബാ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് ജൂലൈ 12-ാം തീയതി ഞായറാഴ്ച രണ്ടാമത്തെ വി. കുർബാനയ്ക്ക് ശേഷം കമ്മിറ്റി അംഗങ്ങളുടെ സാന്നിധ്യത്തിൽ ബഹു. ഷാജൻ ചീരമ്പൻ അച്ചൻ വിതരണം ചെയ്തു.


Independence Day - 15.08.2026

## PRATHINITHI YOGAM 09.08.2026







# LAST HOLY MASS 02.08.2026



















അൾത്താര ചുംബനം







Altar shifting to Newchapel 02.08.2026







Raza Qurbana







GEORGE
SINCE 2010
FOODS & CATERS
16 YEARS EXPERIENCE
Where every dish is served with warmth, elegance, and care.
DELICIOUS CUISINE
PROFESSIONAL TEAM
PERSONALIZED SERVICE
MEMORIES THAT LAST
Great Food
Better Service
Best Experience
AN ISO CERTIFIED COMPANY
ISO
QUALITY
IAF
fssai LIC NO.: 11316008000847
GSTIN - 32AYNPG9795K1ZN
WE CATER FOR
WEDDINGS | CORPORATE EVENTS
FAMILY GATHERINGS
BIRTHDAYS AND MORE...
7560882560 | 94 95 22 71 10 | 81 29 34 65 28
georgefood85@gmail.com
Chittilappilly Road, Adat P.O
Thrissur, Kerala - 680551

# A DAY WITH DIVINE MERCY
# ST. JOHN MARIA VIANNEY UNIT



Antony Jacob & Family - Sep. 24 (Thu)
Binu K J & Family - Sep. 25 (Fri)
Francis C J & Family - Sep. 26 (Sat)
Jacob V T & Family - Septe. 28 (Mon)
Jibi George & Family - Sep. 29 (Tue)
John P J & Family - Sep. 30 (Wed)
Johnson Reji & Family - Oct. 1 (Thu)
Johnson Thomas & Family - Oct. 2 (Fri)
Joju P Davis & Family - Oct. 3 (Sat)
Jose A R & Family - Oct. 5 (Mon)
Jose O T & Family - Oct. 6 (Tue)
Jose V K & Family - Oct. 7 (Wed)
Joseph C L & Family - Oct. 8 (Thu)
Lilly Francis & Family - Oct. 9 (Fri)
Lonappan Sunny & Family - Oct. 10 (Sat)
Louis C M & Family - Oct. 12 (Mon)
Martin T M & Family - Oct. 13 (Tue)
Mathachan & Family - Oct. 14 (Wed)
Mathew V K & Family - Oct. 15 (Thu)
Raphael C J & Family - Oct. 16 (Fri)
Regish George & Family - Oct. 17, (Sat)
Saji Joseph & Family - Oct.. 19 (Mon)
Shiju George & Family - Oct. 20, (Tue)
Sinoj Thomas & Family - Oct. 21, (Wed)
Thangamma C T & Family - Oct. 22, (Thu)
Thankachan & Family - Oct. 23 (Fri)
Williams P A & Family - Oct. 24 (Sat)

# A DAY WITH DIVINE MERCY
# ST. VINCENT DE PAUL UNIT



Alice Davis & Family - Oct. 26 (Mon)

Babu Jose & Family - Oct. 27 (Tue)

Devassy & Family - Oct. 28 (Wed)

Edward Kennedy & Family - Oct. 29 (Thu)

Johnson & Family - Oct. 30 (Fri)

Johnson & Family - Oct. 31 (Sat)

Jose & Family - Nov. 2 (Mon)

Jose & Family - Nov. 3 (Tue)

Joseph & Family - Nov. 4 (Wed)

Lissy Polson & Family - Nov. 5 (Thu)

Mathew & Family - Nov. 6 (Fri)

